**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 182** — **15-10-2024 - ൽ മറുപടിയ്ക്ക്**

**ലോജിസ്റ്റിക്സ് പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവിസ്തൃതി എത്രയാണ്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ലോജിസ്റ്റിക് ശൃംഖലയിൽ വ്യാവസായിക ഉൽപ്പാദന കേന്ദ്രങ്ങളേയും ഉപഭോഗ കേന്ദ്രങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണികളാണ് ലോജിസ്റ്റിക് പാർക്കുകൾ. കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, വെയർഹൗസിംഗ്, സ്റ്റോറേജ്, പാക്കിങ്, ലേബലിങ് മുതലായ ഒട്ടനവധി സേവനങ്ങൾ ലോജിസ്റ്റിക് പാർക്കുകളിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.<br><br>വ്യാവസായിക വികസനത്തിന് ഇത്തരത്തിൽ കാര്യക്ഷമമായ ലോജിസ്റ്റിക് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ലോജിസ്റ്റിക് മേഖലയെ ഒരു മുൻഗണനാ മേഖലയായി 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചത്. സംസ്ഥാനത്തെ വിപുലമായ റോഡ് ശൃംഖലയും, റെയിൽ, പോർട്ട്, ജലഗതാഗതം എന്നിവയുടെ ആനുകൂല്യങ്ങളും, വിഴിഞ്ഞം, കൊച്ചി ഉൾപ്പെടെയുള്ള വൻകിട പോർട്ടുകളുടെ സാന്നിദ്ധ്യവും ലോജിസ്റ്റിക്ക് മേഖലയ്ക്ക് അനുകൂല ഘടകങ്ങളാണ്. സർക്കാർ പുറപ്പെടുവിച്ച വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട ലാന്റ് പോളിസിയിലും, KSIDC, കിൻഫ്ര ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങളിലും ലോജിസ്റ്റിക്ക് മേഖലയ്ക്ക് പ്രത്യേക പരിഗണനയും സവിശേഷ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. മേൽ പ്രകാരം ലോജിസ്റ്റിക്ക് മേഖലയുടെ വിപുലമായ വികസനത്തിനും, ഈ മേഖലയിലെ സംരംഭങ്ങൾക്ക് ഉത്തേജനം നൽകികൊണ്ട് നിക്ഷേപ സാധ്യതകളും, തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, ഒരു ഉപ-നയമായി 'കേരള ലോജിസ്റ്റിക് |

| | | | |
|---|---|---|---|
| | | | പാർക്ക് പോളിസി' തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം, കുറഞ്ഞത് പത്തു ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും, അഞ്ചു മുതൽ പത്തു വരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ സർക്കാർ പ്രോത്സാഹനം നല്കുന്നതാണ്. പൂർണ്ണമായും സ്വകാര്യ മേഖലയിലോ, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രധാന ഘടകങ്ങൾ (കോർ കംപോണന്റ്സ്) വികസിപ്പിക്കുന്നതിനും, ഭൂമിയും ഭൂവികസനവും ഒഴികെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, നിക്ഷേപ സബ്സിഡിയും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു.<br><br>കൂടാതെ, ലോജിസ്റ്റിക്സ് പാർക്കോ, മിനി-ലോജിസ്റ്റിക്സ് പാർക്കോ സ്ഥാപിക്കുന്നതിന്, വിലകൊടുത്തു വാങ്ങുകയോ, ദീർഘ കാലത്തേയ്ക്ക് പാട്ടത്തിലെടുക്കുകയോ ചെയ്യുന്ന ഭൂമിയ്ക്ക്, 2023-ലെ വ്യവസായനയത്തിൽ പ്രഖ്യാപിച്ച ഇളവുകളായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജുകളും ഒഴിവാക്കുന്ന കാര്യവും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ വിഭാവനം ചെയ്യുന്നു.<br><br>തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ടിലെ വ്യവസ്ഥകൾ ലോജിസ്റ്റിക്സ് പാർക്കിനും ബാധകമായിരിക്കുന്നതാണ്. |
| (ബി) | ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നയത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | മേൽ (എ) പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ